# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ: എൽ.ആർ 8/005714/13

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
കാര്യാലയം, ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്,
തിരുവനന്തപുരം, തീയതി: 16.08.2017

## സർക്കുലർ മെമ്മോറാണ്ടം

**വിഷയം:-** **ദേശീയഭക്ഷ്യ ഭദ്രതാനിയമം 2013 - മുൻഗണനാ പട്ടികയിൽ നിന്നും അനർഹരെ ഒഴിവാക്കുന്നത് - സംബന്ധിച്ച്-**

സൂചന:- 05.08.2017 തീയതിയായ ഭ.പൊ.വി.വ - ബി3/258/2017-ഭ.പൊ.വി.വ എന്ന നമ്പർ സർക്കാർ സർക്കുലർ.

ദേശീയഭക്ഷ്യ ഭദ്രതാനിയമം അനുശാസിക്കുന്ന പ്രകാരം കേരള സംസ്ഥാനത്ത് ഭക്ഷ്യ പൊതുവിതരണ വകുപ്പ് മുൻഗണനാ / മുൻഗണനേതര വിഭാഗങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് പുതിയ റേഷൻകാർഡ് വിതരണം നടത്തിയതിൽ മുൻഗണനാ പട്ടികയിൽ നിരവധി അനർഹർ കടന്നുകൂടിയിട്ടുണ്ടെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് മേൽ സൂചന സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശിച്ചിരിക്കുന്നു.

സൂചന പ്രകാരമുള്ള സർക്കുലറിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനിലെ ജീവനക്കാരുടെയും, പെൻഷൻകാരുടെയും പേര് ഉൾപ്പെട്ട റേഷൻ കാർഡ് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതിന് എല്ലാ യൂണിറ്റ്, വർക്ക്ഷോപ്പ് അധികാരികളെയും ചുമതലപ്പെടുത്തിക്കൊണ്ടുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) കോർപ്പറേഷന്റെ മുഖ്യകാര്യാലയത്തിലെ ജീവനക്കാരുടെ റേഷൻ കാർഡ് വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസറുടെ ചുമതല അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പേഴ്സണൽ വിഭാഗത്തിനായിരിക്കും.

2) യൂണിറ്റ്തലത്തിൽ ജീവനക്കാരുടെ / പെൻഷൻകാരുടെ റേഷൻ കാർഡ് വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസറുടെ ചുമതല യൂണിറ്റധികാരികൾക്കായിരിക്കും.

3) വർക്ഷോപ്പുകളിൽ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസറുടെ ചുമതല വർക്ഷോപ്പ് അധികാരികൾക്കുമായിരിക്കും.

4) ജീവനക്കാരുടെ / പെൻഷൻകാരുടെ പേര് ഉൾപ്പെട്ട റേഷൻ കാർഡ് ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ 20/08/2017 നു മുൻപ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

5) റേഷൻ കാർഡിന്റെ പരിശോധനാ വേളയിൽ യഥാർത്ഥ റേഷൻ കാർഡും, ആയതിന്റെ പകർപ്പും ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ ഒത്തുനോക്കേണ്ടതും മേൽപ്പടി പകർപ്പിൽ മേലൊപ്പ് ചാർത്തേണ്ടതുമാണ്.

6) കോർപ്പറേഷനിലെ സ്ഥിരം / അസ്ഥിരം ജീവനക്കാർ / പെൻഷൻകാരും പൊതുവിഭാഗം (Non-Priority) പട്ടികയിലെ റേഷൻ കാർഡിലാണ് ഉൾപ്പെട്ടിട്ടുള്ളത്. ജോലിക്കാര്യം മറച്ചുവെച്ചോ, അബദ്ധവശാലോ മുൻഗണനാപട്ടികയിൽ കടന്നുകൂടിയ ജീവനക്കാരുടെ വിവരം റേഷൻ കാർഡ് നമ്പർ സഹിതം ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് 2017 ആഗസ്റ്റ് 30 നു മുൻപ് റിപ്പോർട്ട് നൽകേണ്ടതും, പകർപ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) കൈമാറേണ്ടതുമാണ്.

7) റേഷൻ കാർഡ് സംബന്ധിച്ചും / റേഷൻ കാർഡ് ഇല്ലെങ്കിൽ അക്കാര്യം സംബന്ധിച്ചും ജീവനക്കാർ എഴുതി നൽകേണ്ട സത്യവാങ്മൂലം ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു. ടി സത്യവാങ്മൂലവും, റേഷൻ കാർഡിന്റെ പകർപ്പും പരിശോധനയ്ക്കായി ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർക്ക് ഡിസ്ബേഴ്സിംഗ് ഓഫീസർ നൽകേണ്ടതും, ആയതിന്റെ പകർപ്പ് യൂണിറ്റിൽ സൂക്ഷിക്കേണ്ടതുമാണ്.

8) പെൻഷൻകാരും / ഫാമിലി പെൻഷൻകാരും അവരുടെ പെൻഷൻ ബുക്ക് കൈകാര്യം ചെയ്യുന്ന യൂണിറ്റിലാണ് റേഷൻകാർഡ് പരിശോധനയ്ക്കായി സമർപ്പിക്കേണ്ടത്.

9) മുഖ്യകാര്യാലയത്തിലെ പെൻഷൻകാരുടെ റേഷൻ കാർഡ് വിവരങ്ങൾ പരിശോധിക്കുന്നതിനുള്ള ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസറുടെ ചുമതല അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ക്യാഷ് വിഭാഗത്തിനായിരിക്കും.

10) മതിയായ കാരണമില്ലാതെ റേഷൻകാർഡ് ഹാജരാക്കാത്ത ജീവനക്കാർക്കെതിരെ വകുപ്പ്തല നടപടികൾ സ്വീകരിക്കുന്നതാണ്.

**ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കുവേണ്ടി**
**എക്സിക്യൂട്ടീവ് ഡയറക്ടർ(അഡ്മിനിസ്ട്രേഷൻ)**

16/08/17

16/8/17

എല്ലാ യൂണിറ്റധികാരികൾക്കും.
എല്ലാ വർക്ഷോപ്പ് അധികാരികൾക്കും.
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, പേഴ്സണൽ വിഭാഗം
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ക്യാഷ് വിഭാഗം

പകർപ്പ്:-

സി.എം.ഡി.യുടെ പി.എസ്സ്-ന്.
എഫ്.എ & സി.എ.ഒ.യുടെ സ്റ്റെനോയ്ക്ക്.
എക്സിക്യൂട്ടീവ് ഡയറക്ടർമാരുടെ സ്റ്റെനോമാർക്ക്.
ചീഫ് ഓഫീസിലെ എല്ലാ ഓഫീസർമാർക്കും വിഭാഗങ്ങൾക്കും.
ജനറൽ സെക്രട്ടറി, കെ.എസ്.ആർ.ടി.സി പെൻഷനേഴ്സ് ഓർഗനൈസേഷൻ
എല്ലാ മേഖലാധികാരികൾക്കും.
കരുതൽ ഫയൽ, ഫയൽ.

# സത്യവാങ്മൂലം

(ഭക്ഷ്യ പൗതുവിതരണവകുപ്പിന്റെ 06/08/17 ലെ ബി3/258/17 ആം നമ്പ്ര് സർക്കുലർ പ്രകാരം)

1. .................................... താലൂക്ക് സപ്ലൈ ഓഫീസ്/സിറ്റി റേഷനിങ്ങ് ഓഫീസിൽ നിന്നും അനുവദിക്കപ്പെട്ടിട്ടുള്ള എന്റെ പേരുൾപ്പെടുന്ന ...................... ആം നമ്പ്ര് റേഷൻകാർഡ്, മുൻഗണനാ വിഭാഗത്തിൽ പെടുന്നതല്ലെന്ന് ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു. (റേഷൻകാർഡിന്റെ പകർപ്പ് ഇതിനോടൊപ്പം സമർപ്പിക്കുന്നു.)

---

2. എന്റെ പേരുൾപ്പെട്ട .................................... താലൂക്ക് സപ്ലൈ ഓഫീസ്/സിറ്റി റേഷനിങ്ങ് ഓഫീസിൽ നിന്നും അനുവദിക്കപ്പെട്ടിട്ടുള്ള ...................... ആം നമ്പ്ര് റേഷൻകാർഡ്, മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടതാണെന്നും ആയത് ഉടൻതന്നെ പൊതുവിഭാഗത്തിലേക്ക് മാറ്റാൻ തയാറാണെന്നും ഇതിനാൽ അറിയിക്കുന്നു.(റേഷൻകാർഡിന്റെ പകർപ്പ് ഇതിനോടൊപ്പം സമർപ്പിക്കുന്നു.)

---

3. നിലവിൽ എന്റെ പേര് കേരളത്തിൽ ഒരിടത്തുമുള്ള റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടില്ലെന്നും, ഭാവിയിൽ എന്റെ പേര് ഏതെങ്കിലും റേഷൻകാർഡിൽ ചേർക്കപ്പെടുകയാമെങ്കിൽ ആ വിവരം ഓഫീസ് മേധാവിയെ യഥാവിധി അറിയിക്കുന്നതാണെന്നും ഇതിനാൽ സത്യപ്രസ്താവന ചെയ്യുന്നു.

---

മേൽപ്പറഞ്ഞ വിവരം സത്യവിരുദ്ധമാണെന്ന് തെളിയുന്നപക്ഷം അച്ചടക്കനടപടി നേരിടാൻ ഞാൻ തയാറാണെന്ന് ഇതിനാൽ പ്രഖ്യാപിക്കുന്നു.

ഒപ്പ്:

പേര്:

തസ്തിക:

സ്ഥാപനം

തീയതി:

**ബാധകമല്ലാത്തത് വെട്ടിക്കളയുക.**

www.mathsblog.in

